ഭരണഭാഷ-മാതൃഭാഷ

പി.എഫ്5(1)/29303/2018/കോവി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം
തീയതി : 01.06.2019

# പരിപത്രം

വിഷയം :- കോളേജ് വിദ്യാഭ്യാസ വകുപ്പ് - ഗെയിൻ പി.എഫ്-ക്രെഡിറ്റ് കാർഡ് വിതരണം തീർപ്പാക്കുന്നത്- സംബന്ധിച്ച്.

സൂചന:- 05/11/2018 തീയതിയിലെ ഇതേ നം.പരിപത്രം

മേൽ സൂചന ശ്രദ്ധിക്കുക. കേരളത്തിലെ സ്വകാര്യ എയ്ഡഡ് കോളേജ് ജീവനക്കാരുടെ പി.എഫ് സേവനങ്ങളെല്ലാം നിലവിൽ പൂർണ്ണമായും ഓൺലൈൻ ആയതിനാലും, 01.04.16 മുതൽ GAIN PF-IFMS എന്ന പുതിയ സോഫ്റ്റ്വെയർ മുഖേന പി.എഫ്.സേവനങ്ങൾ കൈകാര്യം ചെയ്തുവരുന്നതിനാലും, എല്ലാ പി.എഫ് വരിക്കാരും അവർ പി.എഫിൽ ചേർന്നതു മുതൽ 2015-16 FY വരെയുള്ള ക്രെഡിറ്റ് കാർഡുകൾ ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. ആയതിനാൽ ഈ വകുപ്പിനു കീഴിലുള്ള എയ്ഡഡ് കോളേജുകളിൽ സേവനമനുഷ്ഠിച്ചു വരുന്ന ഓരോ ജീവനക്കാരനും 2015-16 Fy വരെയുള്ള അംഗീകരിച്ച ക്രെഡിറ്റ് കാർഡുകൾ ലഭിച്ചിട്ടുണ്ടോയെന്നും, ലഭിച്ച ക്രെഡിറ്റ് കാർഡുകളിൽത്തന്നെ അപാകതകളുണ്ടോയെന്ന് പരിശോധിച്ച് ആയതിന്റെ വിശദാംശങ്ങൾ നിശ്ചിത സമയത്തിനുള്ളിൽ ഈ കാര്യാലയത്തെ അറിയിക്കണമെന്നും സൂചന പ്രകാരം നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ടി പരിപത്രത്തിന് പല കോളേജുകളിൽ നിന്നും നാളിതുവരെ മറുപടി നൽകിയിട്ടില്ല എന്നു മാത്രമല്ല, ക്രെഡിറ്റ് കാർഡിന്റെ നിലവിലെ സ്ഥിതി പല കോളേജുകളിൽ നിന്നും നൽകിയിട്ടുള്ളതുതന്നെ അപൂർണ്ണമായും കാണുന്നു. കൂടാതെ, ക്രെഡിറ്റ് കാർഡ് ലഭിക്കാത്ത ജീവനക്കാരുടെ പേരുകൾ അടങ്ങിയ പട്ടിക സൂചന പരിപത്രത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചിത പ്രൊഫോർമയിൽ പല കോളേജുകളിൽ നിന്നും നൽകിയിരുന്നു. ആയതിൽ ഉൾപ്പെടാത്ത ജീവനക്കാരുടെ ക്രെഡിറ്റ് കാർഡുകൾ ലഭിച്ചിട്ടില്ലാത്തതായോ, ലഭിച്ച ക്രെഡിറ്റ് കാർഡിൽത്തന്നെ അപാകതയുള്ളതായോ അറിയിച്ചുകൊണ്ട് ധാരാളം അപേക്ഷകൾ വിവിധ കോളേജുകളിൽ നിന്നും ഈ കാര്യാലയത്തിൽ ഇപ്പോഴും ലഭിച്ചുകൊണ്ടിരിക്കുന്നു. ആയതിനാൽ പഴയ dcegainpf പൂർണ്ണമായും നിർത്തലാക്കാൻ നാളിതുവരെ കഴിഞ്ഞിട്ടില്ല. എന്നാൽ 01/04/16 മുതൽ GAIN PF-IFMS എന്ന പുതിയ software പ്രാബല്യത്തിൽ വന്നതുകൊണ്ട് 2015-16Fy വരെയുള്ള

1632157

GOVERNMENT OF KERALA

ക്രെഡിറ്റ് കാർഡുകൾ ജനറേറ്റ് ചെയ്തിരുന്ന dcegainpf എന്ന പഴയ software കാലഹരണപ്പെട്ടതായതിനാൽ ടി software മുഖേന ചെയ്യുന്ന പി.എഫ് സേവനങ്ങളെല്ലാം പൂർണ്ണമായും നിർത്തലാക്കേണ്ട സാഹചര്യം വന്നു ചേർന്നതിനാലാണ് സൂചന പരിപത്രത്തിൽ ആയതു സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകിയിരുന്നത്. 2019 മെയ് 3,4 തീയതികളിൽ CTFM മുഖേന NIC നൽകിയ വകുപ്പു തല ദ്വിദിന പരിശീലന പരിപാടിയിൽ dcegainpf ലെ സേവനങ്ങൾ പൂർണ്ണമായും നിർത്തലാക്കി GAINPF-IFMSലേക്ക് മാറാനുള്ള സത്വര നടപടികൾ സ്വീകരിക്കണമെന്ന് NIC നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 2015-16 Fy വരെയുള്ള ക്രെഡിറ്റ് കാർഡുകൾ സംബന്ധിച്ച് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ കർശനമായും നിർദ്ദിഷ്ട സമയത്തിനുള്ളിൽ പാലിക്കാൻ ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ അതീവ ശ്രദ്ധ ചെലുത്തേണ്ടതാണ്.

1. 31.05.2019 തീയതി കണക്കാക്കി, ടി തീയതിയിൽ താങ്കളുടെ കോളേജിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ (അദ്ധ്യാപക/അനദ്ധ്യാപക ജീവനക്കാരുടേയും വിരമിക്കുന്ന ജീവനക്കാരുടേതും തരംതിരിച്ച്) 2015-16 Fy വരെയുള്ള ക്രെഡിറ്റ് കാർഡ് സംബന്ധിച്ച വിവരങ്ങൾ ഇതോടൊപ്പമുള്ള പ്രൊഫോർമയിൽ (അനുബന്ധം I) 30/06/19 നകം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ് (ടി പ്രൊഫോർമ നിർബന്ധമായും പൂർണ്ണമായി പൂരിപ്പിക്കേണ്ടതാണ്.)കൂടാതെ ക്രെഡിറ്റ് കാർഡ് ലഭ്യമാക്കുന്നതിനോ ലഭ്യമായ ക്രെഡിറ്റ് കാർഡിലെ അപാകതകൾ പരിഹരിക്കുന്നതിനോ ആയുള്ള ജീവനക്കാരുടെ പേര് അടങ്ങിയ പ്രൊഫോർമ ഇപ്പോൾ നൽകുന്നതിൽ ഉൾപ്പെടാത്തതായ ജീവനക്കാരുടെ 2015-16 Fy വരെയുള്ള ഗെയിൻ പി.എഫ് ക്രെഡിറ്റ്കാർഡ് സംബന്ധമായ അപേക്ഷകൾ ഒന്നും തന്നെ യാതൊരുകാരണവശാലും നിർദ്ദിഷ്ട തീയതിയ്ക്കു ശേഷം സ്വീകരിക്കുന്നതല്ലെന്നും അറിയിക്കുന്നു.

2. 2008-09 Fy മുതൽ 2015-16 Fy വരെയുള്ള ക്രെഡിറ്റ്കാർഡുകളുടെ പകർപ്പുകൾ ഓരോ ജീവനക്കാരനും പരിശോധനക്കായി ബന്ധപ്പെട്ട കോളേജ് ഓഫീസിൽ നിന്നും നൽകേണ്ടതും, ബന്ധപ്പെട്ട ജീവനക്കാർ തന്നെ എല്ലാ എൻട്രികളും പരിശോധിച്ച് അപാകതകളൊന്നുമില്ലെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. ആയത് സംബന്ധിച്ച് ഇതോടൊപ്പമുള്ള സാക്ഷ്യപത്രം(അനുബന്ധം II) ഓരോ ജീവനക്കാരിൽ നിന്നും ലഭ്യമാക്കി പ്രിൻസിപ്പാൾ കോളേജിൽ തന്നെ സൂക്ഷിക്കേണ്ടതും, ഈ കാര്യാലയത്തിൽ നിന്നും ആവശ്യപ്പെടുന്ന മുറയ്ക്ക് സമർപ്പിക്കേണ്ടതുമാണ്. ഈ കാര്യത്തിൽ വരുന്ന വീഴ്ചയ്ക്കുള്ള പൂർണ്ണ ഉത്തരവാദിത്തം അതാത് കോളേജ് പ്രിൻസിപ്പാൾമാർക്കായിരിക്കും. ഇത് സംബന്ധിച്ച് പ്രിൻസിപ്പാൾ അനുബന്ധം III പ്രകാരമുള്ള സാക്ഷ്യപത്രം നൽകേണ്ടതാണ്.

1632156 GOVERNMENT OF KERALA

3. 2015-16 Fy വരെയുള്ള ഗെയിൻ പി.എഫ് എൻട്രികൾ പരിശോധിക്കുമ്പോൾ ഓരോ ജീവനക്കാരന്റെയും എല്ലാ അരിയർ തുകകളും ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമായി പരിശോധിക്കേണ്ടതും ഏതെങ്കിലും അരിയറുകൾ ചേർക്കാൻ വിട്ടുപോയിട്ടുണ്ടെങ്കിൽ ടി വിവരം പ്രൊഫോർമയിൽ ഉൾപ്പെടുത്തേണ്ടതുമാണ്. കൂടാതെ ഒന്നിലധികം ജീവനക്കാർ ഉൾപ്പെട്ടിട്ടുള്ള 2008-09 സാമ്പത്തിക വർഷം മുതൽ 2015-16 സാമ്പത്തിക വർഷം വരെയുള്ള കാലയളവിലെ പി.എഫ് തുകകളുടെ ഓരോ ഷെഡ്യൂളിലും ഉൾപ്പെട്ട എല്ലാ ജീവനക്കാരുടെയും പി.എഫ്.തുകകളുടെ എൻട്രികൾ ഒറ്റ ബില്ലായിത്തന്നെ എൻട്രി നടത്തിയിട്ടുണ്ടോയെന്നും, ബിൽ നമ്പർ, തീയതി, വരിസംഖ്യ, മറ്റ്.പി.എഫ് തുകകൾ എന്നിവ ഓരോ ജീവനക്കാരന്റെയും കൃത്യമായ എൻട്രികൾ നടത്തിയിട്ടുണ്ടോയെന്നും ഉറപ്പു വരുത്തേണ്ടതാണ്.

4. 2015-16 Fy വരെയുള്ള ക്രെഡിറ്റ് കാർഡുകൾ എല്ലാ ജീവനക്കാർക്കും ലഭിച്ച കോളേജുകൾക്കും മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ ബാധകമാണെന്നും ഇതോടൊപ്പമുള്ള പെർഫോർമയും സാക്ഷ്യപത്രവും നിർബന്ധമായും നിർദ്ദിഷ്ട തീയതിക്കുള്ളിൽ ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണെന്നും അറിയിക്കുന്നു. ഈ കാര്യത്തിൽ വരുത്തുന്ന വീഴ്ച മൂലം ഏതെങ്കിലും പി.എഫ് വരിക്കാരന് 2015-16 Fy വരെയുള്ള ക്രെഡിറ്റ് കാർഡ് സംബന്ധമായ ആക്ഷേപങ്ങൾ പരിഹരിക്കാൻ കഴിഞ്ഞില്ലെങ്കിൽ ആയതിനുള്ള പൂർണ്ണ ഉത്തരവാദിത്തം ബന്ധപ്പെട്ട പ്രിൻസിപ്പാളിനായിരിക്കും.

5. മറ്റ് പി.എഫ്കളിൽ നിന്നും KPCSPF ലേയ്ക്ക് 2015-16 Fy വരെയുള്ള തുകകളെന്തെങ്കിലും Transfer Credit ചെയ്യാനുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും performa യിലെ റിമാർക്സ് കോളത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

2015-16 Fy വരെയുള്ള ക്രെഡിറ്റ് കാർഡുകൾ ജനറേറ്റ് ചെയ്യുന്നതിനും ജനറേറ്റ് ചെയ്ത ക്രെഡിറ്റ് കാർഡുകളിലെ ന്യൂനതകൾ പരിഹരിക്കുന്നതിനും മറ്റ്.പി.എഫ് സേവനങ്ങൾ ലഭ്യമാക്കുന്നതിനുമായുള്ള dcegainpf എന്ന online പോർട്ടൽ 31/12/19 ന് പൂർണ്ണമായും നിർത്തലാക്കുന്നതിനാൽ , മേൽപറഞ്ഞ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണെന്നും, നിർദ്ദിഷ്ട തീയതിക്കുള്ളിൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കാൻ വേണ്ട നടപടികൾ പ്രിൻസിപ്പാൾമാർ സ്വീകരിക്കേണ്ടതാണെന്നും അറിയിക്കുന്നു. ഇപ്പോൾ നൽകിയിരിക്കുന്ന നിർദ്ദിഷ്ട തീയതി, 2015-16 Fy വരെയുള്ള ക്രെഡിറ്റ് കാർഡുകളെ സംബന്ധിച്ച എല്ലാ അപേക്ഷകളും തീർപ്പാക്കാനുള്ള അവസാന അവസരമാകയാലും dcegainpf എന്ന ടി software കാലഹരണപ്പെടുന്നതിനാൽ ടി തീയതിക്കുശേഷം ഇനി ഈ വിഷയം സംബന്ധിച്ച് യാതൊരുവിധ അപേക്ഷകളും സ്വീകരിക്കില്ല എന്നതിനാലും ഈ പരിപത്രത്തിലെ വിവരങ്ങൾ താങ്കളുടെ കീഴിൽ സേവനമനുഷ്ഠിക്കുന്ന എല്ലാ ജീവനക്കാരെയും അറിയിക്കേണ്ട പൂർണ്ണ

ഉത്തരവാദിത്തം താങ്കളിൽ നിക്ഷിപ്തമാണ്. ഇക്കാര്യത്തിൽ വരുത്തുന്ന വീഴ്ചയ്ക്ക് ഈ കാര്യാലയം യാതൊരു കാരണവശാലും ഉത്തരവാദി ആയിരിക്കുന്നതല്ലെന്നും അറിയിക്കുന്നു.

വിശ്വസ്തതയോടെ

ഉള്ളടക്കം:-മേൽ പ്രസ്താവിതം

ഒപ്പ്/-
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

//അംഗീകാരത്തോടെ//

Ashasaby

സൂപ്രണ്ട്

NB: 1. ഈ വിഷയത്തിനു നൽകുന്ന മറുപടിയിൽ നിർബന്ധമായും ഈ പരിപത്രത്തിന്റെ ref: നമ്പരും തീയതിയും ഉൾപ്പെടുത്തേണ്ടതാണ്.

2. അക്കൗണ്ട്സ് ഓഫീസർ ഒപ്പിട്ട ക്രെഡിറ്റ് കാർഡ് മാത്രമേ അംഗീകരിച്ച് ക്രെഡിറ്റ് കാർഡ് ആയി കണക്കാക്കാവൂയെന്നും ഒപ്പിടാത്ത ക്രെഡിറ്റ് കാർഡുകൾ ജനറേറ്റ് ചെയ്യാത്ത ക്രെഡിറ്റ് കാർഡ് ആയി കണക്കാക്കിമാത്രമേ പെർഫോർമയും consolidated status ഉം നൽകാൻ പാടുള്ളുവെന്നുള്ള കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ആർ.ബി|06.06.2019

1632159

GOVERNMENT OF KERALA

അനുബന്ധം I

## 2015-16 Fy വരെയുള്ള ക്രെഡിറ്റ് കാർഡ് സംബന്ധിച്ച വിവരങ്ങൾ

| ക്രമ. നം | പേര് | പി.എഫ്. a/c നമ്പർ | 2015-16Fy വരെയുള്ള അംഗീകരിച്ച credit card Accounts Officer ന്റെ ഒപ്പോടുകൂടി ലഭിച്ചിട്ടുണ്ടോ (ഉണ്ട്/ഇല്ല) | 2015-16Fy വരെയുള്ള ക്രെഡിറ്റ്കാർഡ് ലഭിച്ചിട്ടുള്ളതിൽ അപാകതകൾ എന്തെങ്കിലും ഉണ്ടെങ്കിൽ ആയത് ഏതുFy ആണെന്നും അപാകത എന്താണെന്നുമുള്ള വിവരം | ഏതുവർഷം വരെയുള്ള അംഗീകരിച്ച ക്രെഡിറ്റ്കാർഡ് ലഭിച്ചിട്ടുണ്ട് | മുൻകാല സേവനങ്ങൾ സംബന്ധിച്ച് പി.എഫ് ൽ ഒടുക്കിയതുകKPCSPF ലേയ്ക്ക് Transfer credit ചെയ്യാനുണ്ടോ? ഉണ്ടെങ്കിൽ വിശദാംശങ്ങൾ | 2015-16 Fy വരെയുള്ള ക്രെഡിറ്റ് കാർഡ്-ലെ entry കൾ സംബന്ധിച്ച സാക്ഷ്യപത്രം പ്രിൻസിപ്പാളിന് നൽകിയിട്ടുണ്ടോ? (ഉണ്ട്/ഇല്ല) | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| | | | | | | | | |

Consolidated Status (ഓരോ ക്രമനമ്പരിനും അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാരുടെ എണ്ണംപ്രത്യേകം നൽകേണ്ടതാണ് )

1. ആകെ ജീവനക്കാരുടെ എണ്ണം -
2. 2015-16 ക്രെഡിറ്റ് കാർഡ് ലഭിക്കാത്തവരുടെ എണ്ണം -
3. അപാകതകളൊന്നുമില്ലാത്ത 2015-16 Fy വരെയുള്ള ക്രെഡിറ്റ് കാർഡ് ലഭിച്ചവരുടെ എണ്ണം -
4. 2015-16 Fy വരെയുള്ള ക്രെഡിറ്റ് കാർഡ് ലഭ്യമായവരിൽ തിരുത്തലുകൾ വരുത്തേണ്ടതായ ക്രെഡിറ്റ്കാർഡുകളുള്ള ജീവനക്കാരുടെ എണ്ണം }

GOVERNMENT OF KERALA
1632160

അനുബന്ധം II
(ജീവനക്കാരിൽ നിന്നും വാങ്ങി സൂക്ഷിക്കേണ്ടത്)

## സാക്ഷ്യപത്രം

------------------------ കോളേജിലെ അദ്ധ്യാപക/അനദ്ധ്യാപക ജീവനക്കാരനായ/ജീവനക്കാരിയായ ( പേര്, പി.എഫ് അക്കൗണ്ട് നമ്പർ) ------------------------ എന്ന ഞാൻ, എന്റെ 2008-2009 സാമ്പത്തിക വർഷം മുതൽ 2015-16 സാമ്പത്തിക വർഷം വരെയുള്ള ഗെയിൻ പി.എഫ് എൻട്രികളെല്ലാം പരിശോധിച്ചതിൽ ടി വർഷങ്ങളിലെ എന്റെ ക്രെഡിറ്റ് കാർഡുകളിൽ ഇനി മറ്റ് തുകകളൊന്നും ചേർക്കാനില്ലെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം:
തീയതി:

ജീവനക്കാരന്റെ ഒപ്പ്

ജീവനക്കാരന്റെ പേര്

പ്രിൻസിപ്പാളിന്റെ ഒപ്പ്

പ്രിൻസിപ്പാളിന്റെ പേര്

ഓഫീസ് മുദ്ര

NB:-അംഗീകരിക്കാത്ത ക്രെഡിറ്റ് കാർഡുകളിലെ 2008-09 സാമ്പത്തിക വർഷം മുതൽ 2015-16 സാമ്പത്തിക വർഷം വരെയുള്ള ഓരോ മാസത്തേയും എൻട്രികൾ ശരിയാണോയെന്ന് മാത്രം പരിശോധിക്കേണ്ടതാണ്. ടി വർഷങ്ങളിലെ ആകെ തുകയും പലിശ നിരക്കും ഇപ്പോൾ പരിശോധിക്കേണ്ടതില്ല.

അനുബന്ധം III

(പ്രിൻസിപ്പാൾ നൽകേണ്ടത്)

## സാക്ഷ്യപത്രം

01.06.2019 തീയതിയിലെ PF V(1)/29303/18 നം. പ്രകാരമുള്ള പരിപത്രം കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്തെടുത്തിട്ടുള്ളതും ഈ സ്ഥാപനത്തിലെ പി.എഫ് കൈകാര്യം ചെയ്യുന്ന ക്ലാർക്ക്, ബന്ധപ്പെട്ട സൂപ്പർ വൈസറി ഓഫീസർമാർ, സ്ഥാപനത്തിലെ അദ്ധ്യാപക/അനദ്ധ്യാപക ജീവനക്കാർ എന്നിവർക്ക് circulate ചെയ്തിട്ടുള്ളതുമാണെന്നും, ടി പരിപത്ര പ്രകാരം ആവശ്യപ്പെട്ട വിവരങ്ങൾ നിർദ്ദിഷ്ട തീയതിക്കുള്ളിൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ സമർപ്പിക്കുന്നതാണെന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

ഈ കോളേജിലെ താഴെപ്പറയുന്ന അദ്ധ്യാപക/അനദ്ധ്യാപക ജീവനക്കാരുടെ 2015-16 സാമ്പത്തിക വർഷം വരെയുള്ള ഗെയിൻ പി.എഫ് ഓൺലൈൻ എൻട്രികൾ ബന്ധപ്പെട്ട ജീവനക്കാർക്ക് പരിശോധനയ്ക്കായി നൽകുകയും, ആയത് പരിശോധിച്ച് അപാകതകളൊന്നുമില്ലെന്ന സാക്ഷ്യപത്രംഅവരിൽ നിന്നും ഈ കാര്യാലയത്തിൽ ലഭ്യമായിട്ടുള്ളത് നഷ്ടപ്പെടാതെ സൂക്ഷിച്ചു വെക്കുകയും ചെയ്തിട്ടുണ്ട്. ആയത് താങ്കൾ ആവശ്യപ്പെടുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നും ഇക്കാര്യത്തിൽ വരുത്തുന്ന വീഴ്ചയ്ക്ക് പൂർ+ണ്ണ ഉത്തരവാദി ഞാൻ മാത്രമായിരിക്കുമെന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

| ക്രമ.നം | ജീവനക്കാരന്റെ പേര് | പി.എഫ്.അക്കൗണ്ട് നമ്പർ |
|---|---|---|
| | | |

സ്ഥലം:

തീയതി:

പ്രിൻസിപ്പാളിന്റെ ഒപ്പ്

പ്രിൻസിപ്പാളിന്റെ പേര്

ഓഫീസ് മുദ്ര

1632162 GOVERNMENT OF KERALA